## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5201 — 23/05/2017-ൽ മറുപടിയ്ക്ക്

## കശുമാവിൻ തോട്ടങ്ങളിൽ കീടനാശിനി പ്രയോഗിക്കുന്ന രീതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥലങ്ങളിൽ കശുമാവിൻ തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കശുമാവിൻ തൈകൾ വച്ചു പിടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള കശുമാവിൻ തോട്ടങ്ങളായ കാസർഗോഡ്, രാജപുരം, ചീമേനി, മണ്ണാർക്കാട് എന്നിവിടങ്ങളിൽ കശുമാവ് തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. കാലപ്പഴക്കം ചെന്ന കശുമാവ് മരങ്ങൾ മുറിച്ച് മാറ്റി പുതിയ കശുമാവിൻ തൈകൾ നട്ടുപിടിപ്പിക്കുന്നതിലേയ്ക്കായി, പ്ലാന്റേഷൻ കോർപ്പറേഷന്റെ തന്നെ കാസർഗോഡ്, ചീമേനി എന്നീ തോട്ടങ്ങളിൽ കശുമാവ് നഴ്സറിയും പ്രവർത്തിച്ച് വരുന്നുമുണ്ട്. |
| ബി) കശുമാവിൻ തോട്ടങ്ങളിൽ ഇപ്പോൾ ഏത് കീടനാശിനിയാണ് ഉപയോഗിച്ചുവരുന്നത്; ഇത് ഏത് രീതിയിൽ പ്രയോഗിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ? | ബി) പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവിൻ തോട്ടങ്ങളിൽ ഒരു കീടനാശിനിയും ഉപയോഗിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ